പ്രസ് തൊഴിലാളികളുടെ മിനിമം വേജ്

1282. [1748] ശ്രീ. ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രസ് തൊഴിലാളികളുടെ മിനിമം വേജസ് കേരളത്തിൽ നിശ്ചയിച്ചത് ഏത് വർഷമാണ് ;

(ബി) ഇതിന്റെ മിനിമം വേജസ് കമ്മിറ്റി ശുപാർശ ഗവൺമെന്റ് സ്വീകരിച്ച് ഷെഡ്യൂളിൽ പ്രസിദ്ധപ്പെടുത്തിയത് ഏതു വർഷമാണ് ;

(സി) അക്ഷേപവും, ആവലാതിയും സ്വീകരിച്ച് മിനിമം വേജസ് കമ്മിറ്റി ശുപാർശ അഡ്വൈസറി ബോർഡിന് അയച്ചുകൊടുത്തുവോ ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണമെന്ത് ;

(ഡി) പ്രസ് തൊഴിലാളികളുടെ മിനിമം വേജസ് കഴിവതും വേഗം നിശ്ചയിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1959-ൽ

(ബി) 1957-ൽ ഈ വ്യവസായത്തെ മിനിമം വേജസ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും, 1959-ൽ ഇതിന് മിനിമം വേജസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആക്ഷേപവും, ആവലാതിയും മിനിമം വേജസ് അഡ്വൈസറി ബോർഡിന് അയച്ചു കൊടുത്തു.

(ഡി) പ്രസ് തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് കഴിവതും വേഗം പുറപ്പെടുവിക്കുന്നതാണ്.

തെങ്ങ്കയറ്റത്തിൽ കശുമാവ് തോട്ടത്തിലെ ജീവനക്കാർക്ക് മിനിമം വേജസ് നൽകുന്നില്ല എന്ന പരാതി

1283. [1749] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള തെങ്ങ്കയറ്റത്തിൽ ഉള്ള കശുമാവ് തോട്ടത്തിലെ ജീവനക്കാർക്കു മിനിമം വേതനം നൽകുന്നില്ല എന്ന പരാതി ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പരാതിയിൽമേൽ എന്തു നടപടി എടുത്തു ;

(സി) തെങ്ങ്കയറ്റത്തിലെ കശുമാവ് തോട്ടത്തിലെ ജീവനക്കാർക്കു മിനിമം വേതനം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മിനിമം വേതനം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചാലുടൻ ആയതു നടപ്പിലാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly